**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 572** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഒലവക്കോട്-ധോണി റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ നിയോജക മണ്ഡലത്തിലെ ഒലവക്കോട്-ധോണി റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 01/11/2016-ലെ GO (Rt) No. 1502/2016/PWD നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ റെയിൽവേ കോളനി - ധോണി - മുട്ടിക്കുളങ്ങര റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയ്ക്ക് 09/11/2018-ലെ PWD006-26-PA-01 നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 12.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ പിന്നീട് പ്രസ്തുത പ്രവൃത്തി ഫുൾ ഡെപ്ത് റിക്ലമേഷൻ (FDR) സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും, ഇതിൻ പ്രകാരം SPV സമർപ്പിച്ച പ്രൊപ്പോസൽ കിഫ്ബി പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. എന്നാൽ എസ്റ്റിമേറ്റ് തുക സാധാരണ നിരക്കിനേക്കാൾ അധികരിച്ചതിനാൽ സ്ഥല പരിശോധന ഉൾപ്പെടെയുള്ള വിശദമായ അവലോകനം നടത്തി മാത്രമേ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കണമെന്ന് അറിയിക്കാമോ? | (ബി) | Full Depth Reclamation (FDR) സാങ്കേതിക വിദ്യയിൽ നവീകരിക്കുന്നതിനായി നിർവ്വഹണ ഏജൻസി (KRFB) സമർപ്പിച്ച എസ്റ്റിമേറ്റ് കിഫ്ബി വിശദമായ അവലോകനം നടത്തി കിഫ്ബി മാനദണ്ഡ പ്രകാരമുള്ള വ്യവസ്ഥകളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 572**

**02-02-2023 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**ഒലവക്കോട്-ധോണി റോഡ് നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. പ്രഭാകരൻ** | **ശ്രീ. കെ. എൻ. ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ മന്ത്രി)** |

**മറുപടി നൽകാൻ വൈകിയതിന്റെ കാരണം കാണിക്കൽ പത്രിക**

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 02.02.2023 ന് ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 572 നുള്ള മറുപടി നൽകുന്നതിൽ കാലതാമസം നേരിട്ടിരുന്നു. ചോദ്യവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന്റെയും ക്രോഡീകരിക്കുന്നതിന്റെയും ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് സമയം വേണ്ടിവന്നതിനാലാണ് മറുപടി യഥാസമയം നൽകുന്നതിൽ കാലവിളംബം ഉണ്ടായത്. ഇക്കാര്യത്തിൽ മനപൂർവ്വമായ വീഴ്ചയോ ഉദാസീനതയോ ഉണ്ടായിട്ടില്ല.

Reji John

**ജോയിന്റ് സെക്രട്ടറി**